43 (2345) മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ സംരംഭങ്ങൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെ അനുബന്ധ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്ന മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ സംരംഭങ്ങൾ സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തനം നടത്തുമ്പോൾ പ്രസ്തുത കെട്ടിടങ്ങൾക്ക് വൈദ്യുതി ചാർജ്ജിനത്തിലും പ്രോപ്പർട്ടി ടാക്സ് ഇനത്തിലും എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ രംഗത്ത് പരിശീലന സൗകര്യം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ രംഗത്തിലെ തൊഴിൽസാദ്ധ്യത കണക്കിലെടുത്ത് മുന്തിയ പരിഗണന നൽകി കൂടുതൽ സംരംഭകരെ ആകർഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ടെക്നോപാർക്കിനകത്ത് മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ സംരംഭങ്ങൾക്കുവേണ്ട എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ടെക്നോപാർക്കിന്റെ അനുബന്ധ സ്ഥാപനങ്ങളൊന്നും തന്നെ സ്വകാര്യ കെട്ടിടങ്ങളിലോ, ടെക്നോപാർക്കിനു പുറത്തോ പ്രവർത്തിക്കുന്നില്ല.

(ബി) (എ) ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ രംഗത്ത് പരിശീലന പരിപാടി ആവിഷ്ക്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ മേഖലയ്ക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ടെക്നോപാർക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുമൂലം ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭങ്ങൾ വരുമെന്ന് കണക്കാക്കുന്നു.

44 (2346) വിവരസാങ്കേതികവിദ്യയെ ആശ്രയിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും വിവര സാങ്കേതിക വിദ്യയെ ആശ്രയിച്ചുള്ള എത്ര വ്യവസായ സ്ഥാപനങ്ങളുണ്ടെന്നുള്ള കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ടെക്നോപാർക്കുകളിൽ വിവരസാങ്കേതിക വിദ്യയെ ആശ്രയിച്ചുള്ള എത്ര വ്യവസായശാലകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും അവയിൽ എത്രയെണ്ണം വിദേശ സംരംഭകരോ വിദേശപങ്കാളിത്തമുള്ള സംരംഭകരോ ആണെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly